ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം


# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 11.07.2026

1. ഇന്ത്യ - ന്യൂസിലൻഡ് ബന്ധം തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രിയും തമ്മിൽ ഓക്‌ലൻഡിൽ നടന്ന കൂടിക്കാഴ്ചയിൽ ധാരണ.

2. കള്ളാടി മണ്ണിടിച്ചിൽ ദുരന്തത്തിൽ തിരച്ചിൽ തുടരുന്നു; വിദഗ്ധ സമിതിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ വയനാട് കളക്ടർക്ക് സർക്കാർ നിർദ്ദേശം.

3. ആരോഗ്യവകുപ്പിന്റെ കഴിഞ്ഞ 50 ദിവസത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രോഗ്രസ് റിപ്പോർട്ട് മന്ത്രി കെ.മുരളീധരൻ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

4. ജനസംഖ്യ വർധനവിന്റെ വെല്ലുവിളികളും അവസരങ്ങളും ഓർമ്മിപ്പിച്ച് ഇന്ന് ലോക ജനസംഖ്യാദിനം.

5. ഓണത്തോടനുബന്ധിച്ച് തിരുവനന്തപുരം-മംഗളൂരു, ചെന്നൈ-കൊല്ലം, ബെംഗളൂരു-എറണാകുളം റൂട്ടുകളിൽ പ്രത്യേക തീവണ്ടികൾ അനുവദിച്ച് റെയിൽവേ.

6. ലോകകപ്പ് ക്വാർട്ടർ മത്സരങ്ങളിൽ നാളെ അർജന്റീന-സ്വിറ്റ്സർലൻഡിനെയും, നോർവേ ഇംഗ്ലണ്ടിനെയും നേരിടും.

RNUTVPM

## പ്രധാനമന്ത്രി - ന്യൂസിലാൻഡ്

ഇന്ത്യ - ന്യൂസിലൻഡ് ഉഭയകക്ഷി ബന്ധം തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്താൻ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ഓക്‌ലൻഡിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം. 2030-ഓടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ചരക്കു സേവന വാർഷിക ഉഭയകക്ഷി വ്യാപാരം 35,000 കോടി രൂപയായി വർധിപ്പിക്കാനും ധാരണയായി. സന്തുലിതവും സമഗ്രവുമായ ഇന്ത്യ–ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെച്ചതിനെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ന്യൂസിലന്റിലെത്തിയ പ്രധാനമന്ത്രി ഇന്ന് ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

*******************************

RNU TVPM

## വയനാട് - കള്ളാടി (ഇൻട്രോ)

വയനാട് മണ്ണിടിച്ചിലുണ്ടായ കള്ളാടി മേഖലയിൽ കാണാതായ ആൾക്ക് വേണ്ടി അഞ്ചാം ദിവസവും തിരച്ചിൽ തുടരുന്നു. അതിനിടെ, സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.....**

(വോയിസ്....)

മണ്ണിടിച്ചിലിൽ മരിച്ചവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് രണ്ടു ലക്ഷം രൂപ വരെയും ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറത്തിറക്കി.

*******************************

## ആരോഗ്യ വകുപ്പിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട്

യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തി 50 ദിനങ്ങൾ പിന്നിട്ട അവസരത്തിൽ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രോഗ്രസ് റിപ്പോർട്ടായി പുറത്തിറക്കി. സ്വീകരിച്ച നടപടികളും തീരുമാനങ്ങളും ഉൾക്കൊള്ളുന്ന പ്രോഗ്രസ് റിപ്പോർട്ടിന്റെ പ്രകാശനം ആരോഗ്യമന്ത്രി കെ.മുരളീധരൻ തിരുവനന്തപുരത്ത് നിർവഹിച്ചു. വി.മുരളീധരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശശി തരൂർ എം.പി, മേയർ വി.വി.രാജേഷ് എന്നിവർ മുഖ്യാതിഥികളായി.

*******************************

## ലോക ജനസംഖ്യാ ദിനം (ഇൻട്രോ)

ഇന്ന് ലോക ജനസംഖ്യാ ദിനം. 1987 ജൂലൈ 11-ന് ലോകജനസംഖ്യ 500 കോടി തികഞ്ഞതിന്റെ സ്മരണയിലാണ്, ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ 1989-ൽ ഈ ദിനം ഔദ്യോഗികമായി നിലവിൽ വന്നത്. "ഇന്നേക്കും ഭാവിയിലേക്കുമായി യുവജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

**തിരുവനന്തപുരം കാര്യവട്ടത്തുള്ള കേരള സർവകലാശാല ക്യാമ്പസ് ജനസംഖ്യ ഗവേഷണ കേന്ദ്രത്തിലെ ഡോക്യുമെന്റലിസ്റ്റ് ഡോ. സുരേഷ് കുമാർ ആകാശവാണി വാർത്തകളോട്.....**

(വോയിസ്....)

ജനസംഖ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് അമ്പൂരിയിലെ ഗോത്രവർഗ്ഗ മേഖലയിൽ പോഷകാഹാര ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

*******************************

RNUTVPM

കോറോ ഹെൽത്ത് - ബിന്ദു കൃഷ്ണ

അമേരിക്കൻ കമ്പനിയായ കോറോ ഹെൽത്ത് കേരളത്തിലെ രണ്ട് ഓഫീസുകളിലെ തൊള്ളായിരത്തിലധികം ജീവനക്കാരെ മുന്നറിയിപ്പില്ലാതെ പിരിച്ചുവിട്ടതിനെത്തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ നടന്ന മന്ത്രിതല ചർച്ച ഫലം കണ്ടില്ല. സെന്ററുകൾകൾ അടയ്ക്കുകയല്ലാതെ വഴിയില്ലെന്ന് ഓൺലൈനായി ചർച്ചയിൽ പങ്കെടുത്ത കമ്പനി അധികൃതർ വ്യക്തമാക്കി. തുടർന്ന് ഈ മാസം 20-ന് കമ്പനി അധികൃതർ നേരിട്ടെത്തി കൃത്യമായ നിലപാട് അറിയിക്കണമെന്ന് മന്ത്രി ബിന്ദു കൃഷ്ണ നിർദേശിച്ചു.
*******************************

കണ്ണൂർ - സെൻസസ് (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ സെൻസസിന്റെ ഭാഗമായുള്ള വിവര ശേഖരണം ഊർജിതമായി പുരോഗമിക്കുന്നു. 10 ദിവസം കൊണ്ട് ജില്ലയിലെ അഞ്ച് എന്യൂമറേറ്റർമാർ 100 ശതമാനം സെൻസസ് പ്രവർത്തനം പൂർത്തിയാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയിസ്.....)

അതിനിടെ, തിരുവനന്തപുരം ജില്ലയിൽ ആദ്യമായി, തിരുവനന്തപുരം താലൂക്ക് പരിധിയിലെ ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കിൽ എന്യൂമറേഷൻ നടപടികൾ പൂർത്തിയാക്കിയ, L.M.S L.P.S വെങ്ങാനൂരിലെ അധ്യാപിക ഷെറിൻ സുമത്തെ ജില്ലാ കളക്ടർ അനുമോദിച്ചു.
*******************************

നല്ല വാർത്ത

RIUTVPM

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.
********************************

## രാജ്നാഥ് സിംഗ് - മഹേന്ദ്രഗിരി

ഇന്ത്യൻ നാവികസേനയുടെ ആറാമത്, തദ്ദേശീയ പ്രൊജക്ട് 17എ യുദ്ധക്കപ്പലായ 'മഹേന്ദ്രഗിരി' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്തു. മറ്റ് രാജ്യങ്ങളെ ആശ്രയിക്കാതെ സ്വന്തം കപ്പൽ നിർമാണ ശാലകളിൽ തദ്ദേശീയമായി യുദ്ധക്കപ്പലുകൾ വികസിപ്പിക്കുന്ന രീതിയിലേക്ക് ഇന്ത്യയുടെ പ്രതിരോധ മേഖല വളർന്നതായി രാജ്യരക്ഷാ മന്ത്രി പറഞ്ഞു. ലോക രാജ്യങ്ങൾക്ക് വേണ്ടി ഇന്ത്യയിൽ യുദ്ധക്കപ്പലുകൾ നിർമിക്കുന്ന കാലം വിദൂരമല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
********************************

RNU TVPM

## ഓണം - റെയിൽവേ

ഓണയാത്രത്തിരക്ക് കുറയ്ക്കാൻ റെയിൽവേ മൂന്ന് പ്രത്യേക തീവണ്ടികൾ കൂടി അനുവദിച്ചു. തിരുവനന്തപുരം നോർത്തിൽനിന്ന് മംഗളൂരുവിലേക്കും ചെന്നൈയിൽനിന്ന് കൊല്ലത്തേക്കും ബെംഗളൂരുവിൽനിന്ന് എറണാകുളത്തേക്കും ആണ് തീവണ്ടികൾ അനുവദിച്ചത്. ടിക്കറ്റുകൾ ഇന്ന് മുതൽ ബുക്ക് ചെയ്യാം. ഓണക്കാലത്ത് കേരളത്തിന് സ്പെഷ്യൽ ട്രെയിനുകൾ അനുവദിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കിയിരുന്നു. ആകെ നൂറിലേറെ സർവീസുകളാണ് അനുവദിച്ചത്.
********************************

## ഫിഫ ലോകകപ്പ് (ഇൻട്രോ)

ഫിഫ ലോകകപ്പ് ഫുട്ബോളിൽ നാളെ നടക്കാനിരിക്കുന്ന ക്വാർട്ടർ ഫൈനലുകളിൽ നോർവേ-ഇംഗ്ലണ്ടിനെയും അർജൻറീന-സ്വിറ്റ്സർലൻഡിനെയും നേരിടും. പുലർച്ചെ 02.30 നാണ് നോർവേ-ഇംഗ്ലണ്ട് പോരാട്ടം, നാളെ രാവിലെ 06.30 ന് അർജന്റീന - സ്വിറ്റ്സർലാൻഡ് മത്സരവും നടക്കും. ലോകകപ്പ് സെമി ഫൈനലുകൾക്ക് ബുധനാഴ്ച തുടക്കമാകും.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്)

*******************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിന്റെ താരലേലത്തിന് തിരുവനന്തപുരത്ത് തുടക്കമായി. നാളെയുടെ വാഗ്ദാനങ്ങളായ കൗമാര പ്രതിഭകൾ മുതൽ രഞ്ജി ട്രോഫി കളിച്ച മുൻനിര താരങ്ങൾ വരെ അണിനിരക്കുന്ന ലേലപ്പട്ടികയിൽ ആകെ 173 കളിക്കാരാണുള്ളത്. ഓരോ ടീമിനും പരമാവധി 50 ലക്ഷം രൂപയാണ് ചിലവാക്കാനാവുക.

*******************************

## നമ്പ്രാണിക്കടവ് റെഗുലേറ്റർ ഉദ്ഘാടനം

മലപ്പുറം ജില്ലയിലെ നമ്പ്രാണിക്കടവ് റെഗുലേറ്ററിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവ്വഹിക്കും. കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ വെള്ളം സംഭരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 1500

RIU TVPM

ഹെക്ടർ കൃഷിഭൂമിയിലെ ജലസേചനത്തിനും പദ്ധതി പ്രയോജനപ്പെടും.
********************************

## കണ്ണൂർ അപകടം

കണ്ണൂർ കൂടാളിക്കടുത്ത് കാർ മരത്തിലിടിച്ചുണ്ടായ അപകടത്തിൽ നാലു പേർ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. കണ്ണൂർ അലവിൽ സ്വദേശി ഷാൻ, ഹൈദരാബാദ് സ്വദേശി ഹർഷ്, ഉത്തർപ്രദേശ് സ്വദേശി പ്രാൺ ജേത്രി, ആദിത്യാ കൃഷ്ണ എന്നിവരാണ് മരിച്ചത്.
********************************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കണ്ണൂർ തലശ്ശേരിയിൽ നിന്ന് 185 ഗ്രാം എം.ഡി. എം. എ.യുമായി ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. ചിറക്കര സ്വദേശി മുഹമ്മദ് സമീൽ ആണ് പിടിയിലായത്.

RNU TVPM